Malayala Manorama

# പബ്ലിക് ഹെൽത്ത് പിജി പഠനത്തിന് എസ്ആർയു–ബെർക്ക്‌ലി ധാരണ

ചെന്നൈ: പബ്ലിക് ഹെൽത്തിൽ ബിരുദാനന്തര ബിരുദ പഠന കോഴ്സ് തുടങ്ങുന്നതിനു ശ്രീരാമചന്ദ്ര യൂണിവേഴ്സിറ്റിയും (എസ്ആർയു) കാലിഫോർണിയ ബെർക്ക്‌ലി യൂണിവേഴ്സിറ്റിയും ധാരണയായി. ശ്രീരാമചന്ദ്ര യൂണിവേഴ്സിറ്റിയിലെ എൻവയൺമെന്റൽ ഹെൽത്ത് എൻജിനിയറിങ് വകുപ്പിന്റെ കീഴിൽ നാലു സെമസ്റ്ററുകളായാണു കോഴ്സ് തുടങ്ങുക.

രാജ്യാന്തര നിലവാരത്തിലുള്ള പരിശീലനം ബെർക്ക്‌ലി യൂണിവേഴ്സിറ്റി നൽകും. മെഡിക്കൽ വിദ്യാർഥികൾ, എൻജിനീയറിങ് ബിരുദധാരികൾ, സയൻസ് ബിരുദാനന്തര ബിരുദധാരികൾ തുടങ്ങിയവർക്കു പുതിയ കോഴ്സിൽ ചേരാനാകും.

എസ്ആർയു പ്രോ വൈസ് ചാൻസിലർ ഡോ. എസ്.പി. ത്യാഗരാജൻ, ബെർക്ക്‌ലി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് ഡീൻ ഡോ. സ്റ്റീഫൻ എം. ഷോർടെൽ എന്നിവരാണ് ഇതു സംബന്ധിച്ച ധാരണപത്രത്തിൽ ഒപ്പു വച്ചത്.